പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1194 — 11.06.2019-ൽ മറുപടിക്ക്

## പൂനൂർ പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ബഡ്ജറ്റിൽ ഉൾപ്പെടുത്തി പത്ത് കോടി രൂപ അനുവദിച്ച പൂനൂർ പാലത്തിന്റെ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി കിഫ്ബി വഴി നടപ്പാക്കുന്ന പൂനൂർ ടൗൺ പാലത്തിന്റെ സ്ഥാനം താമരശ്ശേരിയിൽ നിന്ന് കൊയിലാണ്ടി ഭാഗത്തേയ്ക്ക് പോകുമ്പോൾ നിലവിലുള്ള പാലത്തിന്റെ ഇടത് വശത്ത് കൂടിയാണ് നിർദ്ദേശിച്ചിരിക്കുന്നത്. ആയതിന്റെ ഡി.പി.ആർ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ഇടത് വശത്ത് സ്ഥിതി ചെയ്യുന്ന സ്കൂളിനും ആശുപത്രിയ്ക്കും പാലത്തിന്റെ സമീപ റോഡിലേയ്ക്ക് പ്രവേശനം അസാധ്യമായതിനാൽ സ്ഥലം എം.എൽ.എ യുടെ 14.01.2019 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധന നടത്തി നിലവിലുള്ള പാലത്തിന്റെ വലതു വശത്തുകൂടി പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കുകയും പൊതുമരാമത്ത് വകുപ്പ് പാലങ്ങളുടെ ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ അലൈൻമെന്റ് പ്രകാരം നേരത്തെ തയ്യാറാക്കിയ ഡിസൈൻ മാറ്റം ആവശ്യമുണ്ടോ എന്നത് പൊതുമരാമത്ത് വകുപ്പ് രൂപകൽപ്പന വിഭാഗം പരിശോധിച്ചു വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് |

ഡി.പി.ആർ-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുനർ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

(ബി) പാലം നിർമ്മാണത്തോടനുബന്ധിച്ച് പൂന്തുർ അങ്ങാടി നവീകരണ പ്രവൃത്തി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ;

(ബി) പാലം പ്രവൃത്തിയുടെ ഡി.പി.ആർ-ൽ പൂന്തുർ അങ്ങാടിയുടെ നവീകരണം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ രണ്ട് പ്രവൃത്തികളുടെയും ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

(സി) ഈ രണ്ട് പ്രവൃത്തികളും കൂടി ഉൾപ്പെടുത്തി ഒരു പ്രോജക്ട് ആയി 10 കോടി രൂപയുടെ ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ